# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3237 20/06/2014 ൽ മറുപടിക്ക്*

**പാർട്ട്ടൈം കണ്ടിജന്റ് നിയമനത്തിൽ വിട്ടുപോയവരെ ഉൾപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിതരായ ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിന് ആദ്യത്തെ ലിസ്റ്റിൽ നിന്നും വിട്ടുപോയ അർഹരായ എത്ര ജീവനക്കാരുടെ പട്ടിക തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നെന്ന് അറിയിക്കാമോ ; അതിൽ എത്ര പേർക്ക് നിയമന ഉത്തരവായിയെന്ന് അറിയിക്കാമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; | (എ) | 24 ജീവനക്കാരുടെ പട്ടിക പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. അതിൽ 2 പേർക്ക് മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ കോപ്പികൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ ശിശുമന്ദിരത്തിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീമതി എൻ. വി.ഗീതയുടെ നിയമനം സ്ഥിരപ്പെടുത്തണമെന്ന കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ഉണ്ടായിട്ടും നിയമനം നീണ്ടു പോകുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ; നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) | ശ്രീമതി. എൻ.വി.ഗീത ഉൾപ്പെടെ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിതരായ ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്ന വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിതയായ ലൈബ്രേറിയൻ ശ്രീമതി.കെ. സൽമാബിയെ സ്ഥിരപ്പെടുത്തുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.392/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,13.02.2013.**

---

പരാമർശം:- 1) സഉ(എം.എസ്) നമ്പർ 88/10/തസ്വഭവ തീയതി 03.05.2010.
2) സഉ(എം.എസ്) നമ്പർ 170/10/തസ്വഭവ തീയതി 06.08.2010
3) 17.12.2011 ലെ ശ്രീമതി.കെ. സൽമാബിയുടെ നിവേദനം.
4) പഞ്ചായത്ത് ഡയറക്ടറുടെ 26.06.2012 ലെ ഇ9-1283/2012 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിതരായ ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ സൂചന (1) പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു.

ഇപ്രകാരമുള്ളവരുടെ സേവനവിവരങ്ങൾ വിശദമായി പരിശോധിച്ചപ്പോൾ ടി തസ്തികകളിൽ ജോലി നോക്കുന്നവരിൽ ചിലർ പതിനൊന്നിന പരിപാടിയിൻകീഴിൽ നിയമനം ലഭിച്ചിട്ടുള്ളവരല്ലെന്നും മറ്റുചിലർ തുടർച്ചയായി സേവനം നടത്തുന്നവരല്ലെന്നും കണ്ടെത്തിയതിനാൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 31.12.2000 നോ, അതിനുമുൻപോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കിവരുന്നവരുമായ 300 ലൈബ്രേറിയൻ മാർ, 147 നഴ്സറി ടീച്ചർമാർ, 134 ആയമാർ എന്നിവരുടെ നിയമനം മുൻ ഉത്തരവ് തീയതിയായ 03.05.2010 മുതൽ സ്ഥിരപ്പെടുത്തിക്കൊണ്ട് സൂചന 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

മമ്പാട് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കേ്ണ്ടി ശ്രീമതി. കെ. സൽമാബിയ്ക്ക് 06.08.2010 ലെ ഉത്തരവിന്റെ ആനുകൂല്യത്തിനർഹത ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച ലിസ്റ്റിൽ ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതി 30.07.1993 എന്നതിനുപകരം 30.07.2003 എന്നു തെറ്റായി രേഖപ്പെടുത്തിയതിനാൽ പരാമർശം (2) ഉത്തരവിന്റെ പരിധിയിൽ ടിയാൾ ഉൾപ്പെടാതെപോയി എന്ന് പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ശ്രീമതി. സൽമാബിയ്ക്ക് സ്ഥിരനിയമനം ലഭിക്കാൻ അർഹതയുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം ഹോണറേറിയം വ്യവസ്ഥയിൽ പാർട്ട് ടൈം ലൈബ്രേറിയനായി ജോലി നോക്കുന്ന ശ്രീമതി.കെ.സൽമാബിയുടെ നിയമനം 06.08.2010 ലെ സ.ഉ (എം,എസ്) നമ്പർ 170/10/തസ്വഭവയിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**വി.എസ്.സെന്തിൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം
സെക്രട്ടറി, മാമ്പാട് ഗ്രാമ പഞ്ചായത്ത്
ശ്രീമതി.കെ.സൽമാബി, ലൈബ്രേറിയൻ, മാമ്പാട് ഗ്രാമപഞ്ചായത്ത്(സെക്രട്ടറി, മാമ്പാട് ഗ്രാമ പഞ്ചായത്ത് മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ് തൃശ്ശൂർ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് കേരള.
പൊതുഭരണ(എസ്.സി) വകുപ്പ്.
വെബ് & ന്യൂമീഡിയ, ഐ.& പി.ആർ.ഡി (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമ പഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം ലൈബ്രേറിയനായി ജോലി ചെയ്തു വരുന്ന ശ്രീ.ജി.അജയകുമാറിനെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.2653/2013/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,30/10/2013**

---

പരാമർശം:- 1) സഉ(എം.എസ്) നമ്പർ 88/10/തസ്വഭവ തീയതി 03.05.2010.
2) സഉ(എം.എസ്) നമ്പർ 170/10/തസ്വഭവ തീയതി 06.08.2010
3) ശ്രീ.ജി.അജയ കുമാറിന്റെ 19/04/2013 ലെ അപേക്ഷ.

## <u>ഉത്തരവ്</u>

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടിപ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിതരായ ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു.

ഇപ്രകാരമുള്ളവരുടെ സേവനവിവരങ്ങൾ വിശദമായി പരിശോധിച്ചതിൽ ടി തസ്തികകളിൽ ജോലി നോക്കുന്നവരിൽ ചിലർ പതിനൊന്നിന പരിപാടിയിൻകീഴിൽ നിയമനം ലഭിച്ചിട്ടുള്ളവരല്ലെന്നും മറ്റുചിലർ തുടർച്ചയായി സേവനം നടത്തുന്നവരല്ലെന്നും കണ്ടെത്തുകയുണ്ടായി. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 31.12.2000 നോ, അതിനുമുൻപോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കിവരുന്നവരുമായ 300 ലൈബ്രേറിയൻമാർ, 147 നഴ്സറി ടീച്ചർമാർ, 134 ആയമാർ എന്നിവരുടെ നിയമനം മുൻ ഉത്തരവ് തീയതിയായ 03.05.2010 മുതൽ സ്ഥിരപ്പെടുത്തിക്കൊണ്ട് സൂചന 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

നെടുമുടി ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിനായ ശ്രീ. ജി അജയകുമാർ 1996 മുതൽ പാർട്ട് ടൈം ലൈബ്രേറിയനായി ജോലി നോക്കി വരികയാണെന്നും 03.05.2010 ലെ 88/2010 ലെ ഉത്തരവ് പ്രകാരം സ്ഥിര നിയമനത്തിന് അർഹനായിരുന്നുവെന്നും പഞ്ചായത്തിൽ നിന്നും സാക്ഷ്യപത്രം ലഭിക്കാനുണ്ടായ താമസം മൂലമാണ് സ്ഥിരനിയമനം ലഭിക്കാതെപോയതെന്നും ശ്രീ. അജയകുമാർ സൂചന (3) പ്രകാരം അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ വെളിച്ചത്തിൽ 1996 മുതൽ പതിനൊന്നിന പരിപാടി പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയനായി ജോലി നോക്കി വരുന്ന ശ്രീ. ജി. അജയകുമാറിന്റെ നിയമനം 06.08.2010 ലെ സഉ (എം.എസ്) നമ്പർ 170/10/തസ്വഭവയിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.രവീന്ദ്രൻ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ആലപ്പുഴ.
സെക്രട്ടറി, നെടുമുടി ഗ്രാമ പഞ്ചായത്ത്
ശ്രീ.ജി.അജയകുമാർ, ലൈബ്രേറിയൻ, നെടുമുടി ഗ്രാമപഞ്ചായത്ത്.
(സെക്രട്ടറി, നെടുമുടി ഗ്രാമ പഞ്ചായത്ത് മുഖേന)
വെബ് & ന്യൂമീഡിയ, ഐ.& പി.ആർ.ഡി (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പൊതുഭരണ (എസ്‌സി) വകുപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ